പാഠം 9 ആഗസ്റ്റ് 19-25

# പൗലൊസിന്റെ ഇടയ ആഹ്വാനം

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ഗലാ. 4:12-20; 1 കൊരി. 11:1; ഫിലി. 3:17; 1 കൊരി. 9:19-23; 2 കൊരി. 4:7-12.**

**മനഃപാഠവാക്യം: "സഹോദരന്മാരേ, ഞാൻ നിങ്ങളെപ്പോലെ ആകയാൽ നിങ്ങളും എന്നെപ്പോലെ ആകുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു (ഗലാ. 4:12).**

നാം ഇതുവരെ കണ്ടതുപോലെ, പൗലൊസ് ഗലാത്യരോട് മൃദുവായി സംസാരിക്കുന്നില്ല. എന്തായിരുന്നാലും, അവന്റെ ശക്തമായ ഭാഷ പ്രതിഫലിപ്പിക്കുന്നത് അവൻ സ്ഥാപിച്ച സഭയുടെ ആത്മീയ സഭയ്ക്കായുള്ള തീക്ഷ്ണത അവനിൽ എത്രമാത്രം ഉണ്ടായിരുന്നു എന്നുമാത്രമാണ്. അവൻ കൈകാര്യം ചെയ്തിരുന്ന സുപ്രധാനമായ ദൈവശാസ്ത്രവിഷയത്തെ കൂടാതെ, ഗലാത്യർക്കുള്ള അവന്റെ ലേഖനം കാണിക്കുന്നത് ഒരു വലിയ അർത്ഥത്തിൽ ശരിയായ വിശ്വാസപ്രമാണവും എത്ര പ്രധാനമാണെന്നാണ്. നാം വിശ്വസിക്കുന്നത് അത്ര പ്രധാനമല്ലായിരുന്നുവെങ്കിൽ, വിശ്വാസപ്രമാണ കൃത്യത അത്ര പ്രസക്തമായിരുന്നില്ലെങ്കിൽ, പൗലൊസ് അവന്റെ ലേഖനത്തിൽ ഇത്ര തീക്ഷ്ണതയുള്ളവനും വിട്ടുവീഴ്ചയില്ലാത്തവനും ആയിരിക്കുന്നതെന്ത്?

സത്യമിതാണ്, നിശ്ചയമായും നാം എന്ത് വിശ്വസിക്കുന്നുവോ അതിന് വലിയ പ്രാധാന്യമുണ്ട്. പ്രത്യേകിച്ച് സുവിശേഷം എന്ന വിഷയത്തിൽ ഒന്നാകെ.

ഗലാ. 4:12-20 ൽ പൗലൊസ് തന്റെ പ്രഭാഷണം തുടരുന്നു. അവൻ കുറച്ചെങ്കിലും അവന്റെ സമീപനം മാറ്റിയെങ്കിലും നിരവധി വിശദമായതും ദൈവശാസ്ത്രപരമായി ഉന്നതമായതുമായ വാദഗതികളിലൂടെ നിരവധി ഗലാത്യരെ അവരുടെ തെറ്റുകൾ ബോദ്ധ്യപ്പെടുത്താൻ പൗലൊസ് ശ്രമിക്കുന്നു. ഇപ്പോഴാകട്ടെ അവൻ കൂടുതൽ വ്യക്തിപരവും ഇടയരൂപത്തിലും ആഹ്വാനം ചെയ്യുന്നു. ഗലാത്യരിൽ യാതൊരു സത്യമായ താത്പര്യവുമില്ലാതിരുന്ന വ്യാജ ഉപദേശകരിൽനിന്ന് വിഭിന്നമായി ഒരു നല്ല ഇടയന് തന്റെ വഴിതെറ്റിപ്പോയ ആട്ടിൻകൂട്ടത്തോടുള്ള യഥാർത്ഥ കരുതലും വിഷമവും, പ്രത്യാശയും സ്നേഹവും പൗലൊസ് വെളിവാക്കുന്നു. അവൻ ദൈവശാസ്ത്രം തിരുത്തുക മാത്രമായിരുന്നില്ല; അവൻ സ്നേഹിച്ചവരെ ശുശ്രൂഷിക്കാൻ ശ്രമിക്കുകയുമായിരുന്നു.

ആഗസ്റ്റ് 26 ലെ ശബ്ബത്തിനായി ഒരുങ്ങുവാൻ ഈയാഴ്ചയിലെ പാഠം പഠിക്കുക.

**ഞായർ** **ആഗസ്റ്റ് 20**

**പൗലൊസിന്റെ ഹൃദയം**

**ഗലാ. 4:12-20 വായിക്കുക. ഈ വാക്യങ്ങളിലെ പൗലൊസിന്റെ സന്ദേശത്തിലെ സാരാംശം എന്താണ്?**

അവന്റെ ഹൃദയത്തിൽ വലിയ ഭാരമായിരിക്കുന്ന ചിന്താഭാരത്തെക്കുറിച്ചുള്ള സൂചന 12-ാം വാക്യത്തിലുള്ള അവന്റെ വ്യക്തിപരമായ ആഹ്വാനമാണ്. ഗലാത്യർ "എന്നെപ്പോലെ ആകുക" എന്ന പൗലൊസിന്റെ നിർബന്ധത്തിനുശേഷം ഉടൻ തന്നെയാണ് ആഹ്വാനം വരുന്നത്. നിർഭാഗ്യവശാൽ കേണപേക്ഷിക്കുക, യാചിക്കുക എന്ന വാക്കിന്റെ പ്രാധാന്യം, ചില തർജ്ജമകളിൽ പൂർണ്ണമായി നൽപ്പെട്ടിട്ടില്ല. ഗ്രീക്കിൽ ആ വാക്ക് ഡിയോമായി (Deomai) എന്നാണ്. അതിനെ "പ്രേരിപ്പിക്കുക" അല്ലെങ്കിൽ "കേണപേക്ഷിക്കുക"എന്ന് തർജ്ജമ ചെയ്യാമെങ്കിലും, ഗ്രീക്ക് പദത്തിന് കൂടുതൽ നിരാശ അതിൽ ബന്ധപ്പെട്ടുണ്ട് (2 കൊരി. 5:20; 8:4;10:2 കാണുക). പൗലൊസ് യഥാർത്ഥത്തിൽ പറയുന്നത്, "ഞാൻ നിന്നോട് യാചിക്കുകയാണ്" എന്നാണ്.

പൗലൊസിന്റെ ഉൽക്കണ്ഠ വെറുതെ വിശ്വാസപ്രമാണ കാര്യങ്ങളെക്കുറിച്ചോ ദൈവശാസ്ത്രപരമായ ആശയങ്ങളെക്കുറിച്ചോ അല്ല. അവന്റെ ഹൃദയം അവന്റെ ശുശ്രൂഷയിലൂടെ ക്രിസ്തുവിലേക്ക് കൊണ്ടുവരപ്പെട്ടവരുടെ ജീവിതങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അവൻ അവനെത്തന്നെ ഒരു സുഹൃത്തിനേക്കാൾ അധികമായി കരുതി; അവൻ അവരുടെ ആത്മീയ പിതാവും അവർ അവന്റെ മക്കളുമായിരുന്നു. എന്നാൽ അതിലുപരിയായി, പൗലൊസ് ഗലാത്യരോടുള്ള അവന്റെ ഉൽക്കണ്ഠയെ പ്രസവസമയത്ത് ഒരമ്മയോടൊപ്പമുള്ള വിഷമവും യാതനയുമായി സാമ്യപ്പെടുത്തുന്നു (ഗലാ. 4:19). അവന്റെ മുൻ "പ്രസവവേദന" അവരുടെ സുരക്ഷിതമായ "പ്രസവത്തിന്" മതിയായതായിരുന്നു; എന്ന് പൗലൊസ് ആദ്യം കരുതിയിരുന്നു അവൻ സഭ സ്ഥാപിച്ചപ്പോൾ. എന്നാലിപ്പോഴാകട്ടെ ഗലാത്യർ സത്യത്തിൽനിന്നും അകന്നുമാറി പോയതുകൊണ്ട്, അവരുടെ സുരക്ഷ ഉറപ്പാക്കുവാൻ പൗലൊസ് ആ പ്രസവവേദനകൾ ആദിമുതൽ വീണ്ടും അനുഭവിക്കുകയാണ്.

**ഗലാത്യരെക്കുറിച്ച് എന്ത് ലക്ഷ്യമാണ് പൗലൊസിന് അവന്റെ മനസ്സിലുണ്ടായിരുന്നത്? അവർക്കു വേണ്ടിയുള്ള അവന്റെ സകല പ്രസവവേദനകളിൽനിന്നും എന്ത് ഫലമാണ് അവനാഗ്രഹിച്ചത്? (ഗലാ. 4:19).**

ഗലാത്യർ ആദ്യം ഗർഭപാത്രത്തിൽ ഉരുവായതായി വർണ്ണിച്ചിട്ട്, പൗലൊസ് ഇപ്പോൾ അവരെക്കുറിച്ച് സംസാരിക്കുന്നത് അവർ കുഞ്ഞുങ്ങളെ കാത്തിരിക്കുന്ന അമ്മമാരായിട്ടാണ്. "ഉരുവായി" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന പദം ഒരു ഭ്രൂണത്തിന്റെ വികസനത്തെ കാണിക്കാൻ വൈദ്യശാസ്ത്രപരമായി ഉപയോഗിച്ചിരിക്കുന്നതാണ്. ഈ അലങ്കാരത്തിലൂടെ പൗലൊസ് വർണ്ണിക്കുന്നത് ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നാൽ എന്താണ് അർത്ഥമെന്നാണ് വ്യക്തിപരമായും ഒരു സഭയെന്ന നിലയിൽ ഒന്നായും ക്രിസ്തുവിന്റെ ഒരു അനുയായിയായിരിക്കുക എന്നത്!

ക്രിസ്തുവിന്റെ സ്വരൂപത്തിലേക്കുള്ള ഒരു സമൂലമായ മാറ്റമാണ്. പൗലൊസ് "ഗലാത്യരിൽ ഏതാനും ചെറിയ മാറ്റങ്ങളല്ല പിന്നെയോ അവരെ കണ്ടാൽ യേശുവിനെ കണ്ട പോലുള്ള ഒരു വലിയ മാറ്റം" Leon Morris, Galatians (Downers Grone, III: Inter varsity Press, 1996) p.142

**ഏതെല്ലാം വിധത്തിലാണ് നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്വഭാവം വെളിവായി കണ്ടിട്ടുള്ളത്? ഇനിയും ഏതെല്ലാം മേഖലയിലാണ് നിങ്ങൾക്ക് വളരെയധികം വളരുവാനുള്ളത്?**

**തിങ്കൾ** **ആഗസ്റ്റ് 21**

## ആയിത്തീരാനുള്ള വെല്ലുവിളി

**കൊരി. 11:1; ഫിലി. 3:17; 2 തെസ്സ. 3:7–9; അ.പ്ര. 26:28,29 എന്നിവ വായിക്കുക. ഗലാത്യർ 4:12ൽ പ്രതിഫലിച്ചിരിക്കുന്ന എന്താണ് പൗലൊസ് അവിടെ പറയുന്നത്? അവന്റെ കാര്യം നാം എങ്ങനെയാണ് മനസ്സിലാക്കേണ്ടത്?**

പൗലൊസിന്റെ ലേഖനങ്ങളിൽ ഉടനീളം നിരവധി പ്രാവശ്യം, അവന്റെ സ്വഭാവം അനുകരിക്കാൻ അവൻ ക്രിസ്ത്യാനികളെ പ്രോത്സാഹിപ്പിക്കുന്നു. ഓരോ സന്ദർഭങ്ങളിലും പൗലൊസ് അവനെത്തന്നെ വിശ്വാസികൾ അനുകരിക്കേണ്ട ഒരു ആധികാരിക മാതൃകയായി അവതരിപ്പിക്കുന്നു. 2 തെസ്സ 3:7–9 ൽ, മറ്റുള്ളവർക്ക് ഒരു ഭാരമാകാതെ സ്വന്തം ജീവിതവൃത്തി എങ്ങനെ കഴിക്കണമെന്നതിന് അവനെത്തന്നെ തെസ്സലൊനീക്യർക്ക് ഒരു മാതൃകയായി അവൻ നൽകുന്നു. 1 കൊരി.11:1 ൽ മറ്റുള്ളവരുടെ ക്ഷേമം ഒന്നാമത് വെക്കുന്നതിൽ തന്നെ അനുകരിക്കുവാൻ പൗലൊസ് കൊരിന്ത്യരെ ആഹ്വാനം ചെയ്യുന്നു.

ഗലാത്യരിലുള്ള പൗലൊസിന്റെ ഉൽക്കണ്ഠ ഏതാണ്ട് വ്യത്യസ്തമായി തോന്നുന്നു.

ഗലാത്യർ 4:12ൽ പൗലൊസ് ഗലാത്യരോട് തന്നെ അനുകരിക്കുവാൻ ആവശ്യപ്പെടുന്നില്ല; പകരം, അവനെപ്പോലെ "ആയിത്തീരുവാൻ" ആവശ്യപ്പെടുന്നു. അവൻ ആയിത്തീരുന്നതിനെക്കുറിച്ചാണ് പറയുന്നത്. അഭിനയിക്കുന്നതിനെക്കുറിച്ചല്ല. എന്തുകൊണ്ട്? കൊരിന്ത്യസഭയിലേതുപോലെ, ഗലാത്യയിലുള്ള പ്രശ്നം ദൈവമില്ലാത്ത ജീവിതശൈലിയോ അധാർമ്മിക പ്രവൃത്തിയോ അല്ല. ഗലാത്യയിലെ പ്രശ്നം ക്രിസ്ത്യാനിത്വത്തിന്റെ കാതലിൽതന്നെ വേരൂന്നിയതാണ്. അത് "പെരുമാറ്റ"ത്തെക്കാൾ 'ആയിരിക്കുന്ന"തിനെക്കുറിച്ചായിരുന്നു. പൗലൊസ് പറയുന്നത് എന്നെപ്പോലെ അഭിനയിക്കാനല്ല, പിന്നെയോ ഞാൻ ആയിരിക്കുന്നത് ആകുക. ഗലാത്യർ 4:12 ലുള്ള വാക്കുകൾ ഹെരോദ അഗ്രിപ്പായോട് അ.പ്ര. 26:29 ൽ ഉപയോഗിച്ചിരിക്കുന്ന പൗലൊസിന്റെ അതേ വാക്കുകളാണ്. അവിടെ പൗലൊസ് എഴുതുന്നു: "നീ മാത്രമല്ല ഇന്ന് എന്റെ പ്രസംഗം കേൾക്കുന്നവർ എല്ലാവരും അല്പം കൊണ്ടാകട്ടെ, അധികംകൊണ്ടാകട്ടെ ഈ ചങ്ങല ഒഴികെ എന്നപോലെ ആകണമെന്ന് ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു" (ഊന്നൽ കൊടുത്തിരിക്കുന്നു). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു ക്രിസ്ത്യാനിയെന്ന നിലയിലുള്ള അനുഭവത്തെയാണ് പൗലൊസ് എടുത്തുപറയുന്നത്; ക്രിസ്തുവിൽ മാത്രം അധിഷ്ഠിതമായ ഒരു അടിസ്ഥാനം, അവന്റെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല, ക്രിസ്തു അവനുവേണ്ടി ചെയ്തതിൽ മാത്രം ആശ്രയിക്കുന്ന ഒരു വിശ്വാസം. ക്രിസ്തുവിലുള്ള അവരുടെ വ്യക്തിത്വത്തിനെക്കാൾ അവരുടെ പെരുമാറ്റത്തിന് ഗലാത്യർ കൂടുതൽ പ്രാധാന്യം നൽകി.

അവനെപ്പോലെ എങ്ങനെ ആയിത്തീരണമെന്ന് പൗലൊസ് പ്രത്യേകമായി പറയുന്നില്ലെങ്കിലും, ഗലാത്യയിലുള്ള സാഹചര്യത്തിന്റെ പശ്ചാത്തലം കാണിക്കുന്നത് അത് അവന്റെ സമൂലജീവിതത്തിന്റെ എല്ലാ വിശദവിവരങ്ങളും അടങ്ങുന്ന ഒരു വലിയ പ്രസ്താവന അല്ലെന്നാണ്. കാരണം അവന്റെ ഉൽക്കണ്ഠ ഗലാത്യരുടെ ന്യായപ്രമാണാധിഷ്ഠിതമായ മതത്തെക്കുറിച്ചാണ്; പൗലൊസിന് ഉറപ്പായും അതിശയകരമായ സ്നേഹം, സന്തോഷം, സ്വാതന്ത്ര്യം അവൻ യേശുക്രിസ്തുവിൽ കണ്ട രക്ഷയുടെ ഉറപ്പ് എന്നിവ മനസ്സിലുണ്ടായിരുന്നു. ക്രിസ്തുവിന്റെ ഉൽക്കർഷ മായ അതിശയത്തിന്റെ വെളിച്ചത്തിൽ, മറ്റെല്ലാം ചവറെന്നെണ്ണാൻ പൗലൊസ് പഠിച്ചിരുന്നു (ഫിലി. 3:5–9). അതേ അനുഭവം ഗലാത്യർക്കും ഉണ്ടാകണം എന്നവൻ ആഗ്രഹിച്ചു.

**ഒരു നല്ല മാതൃക കാഴ്ചവെക്കുന്ന ആരെയെങ്കിലും (യേശു ഒഴികെ) നിങ്ങൾക്കറിയാമോ? അങ്ങനെയെങ്കിൽ, ആ വ്യക്തിയുടെ ഏത് ഗുണഗണങ്ങളാണ് നിങ്ങൾ അത്ര മാതൃകാപരമായി കാണുന്നത്? ഈ ഗുണങ്ങൾ നിങ്ങളുടെ ജീവിതത്തിൽ എത്ര മെച്ചമായി നിങ്ങൾക്ക് വെളിവാക്കാനാകും?**

**ചൊവ്വ** **ആഗസ്റ്റ് 22**

**ഞാൻ നിന്നെപ്പോലെ ആയിത്തീർന്നു.**

**1 കൊരി. 9:19–23 വായിക്കുക:**

**ഗലാ. 4:12ന്റെ അവസാനഭാഗത്ത് പൗലൊസ് പറയുന്ന കാര്യം കൂടുതൽ മെച്ചമായി മനസ്സിലാക്കുവാൻ നമ്മെ സഹായിക്കാനായി ഈ വാക്യങ്ങളിൽ പൗലൊസ് എന്താണ് പറയുന്നത്? (അ.പ്ര. 17:16–34; 1 കൊരി. 8:8–13; ഗലാ. 2:11–14 കാണുക).**

ഗലാത്യർ 4:12 അൽപം ആശയകുഴപ്പമുണ്ടാക്കുന്നതായി തോന്നാം. അവൻ നേരത്തെതന്നെ അവരെപ്പോലെ ആയിട്ടാണെങ്കിൽ പിന്നെന്തിനാണ് ഗലാത്യർ പൗലൊസിനെപ്പോലെ ആകുന്നത്?

നാം ഇന്നലത്തെ പഠനത്തിൽ കണ്ടതുപോലെ രക്ഷയ്ക്കായി ക്രിസ്തു സകലത്തിനും മതിയായവൻ ആണെന്നുള്ള അവന്റെ ഉറപ്പിലും പൂർണ്ണവിശ്വാസത്തിലും അവൻ അവനെപ്പോലെ ആകണം എന്നതായിരുന്നു അവന്റെ ആഗ്രഹം. അവൻ അരെപ്പോലെയായി എന്ന അവന്റെ പരാമർശം, അവൻ ഒരു യെഹൂദനാണെങ്കിലും “ന്യയപ്രമാണമില്ലാത്ത” ഒരു പുറജാതിക്കാരനായി മാറിയതിന്റെ കാരണം സുവിശേഷവുമായി അവന് ജാതികളിലേക്ക് ചെല്ലാനാണെന്നുമുള്ള ഒരു ഓർമ്മപ്പെടുത്തലായിരുന്നു. പുറജാതി ലോകത്തിലേക്കുള്ള വലിയ സുവിശേഷകൻ എന്ന നിലയിൽ, യെഹൂദരോടും പുറജാതികളോടും സുവിശേഷം പ്രസംഗിക്കുവാൻ അവൻ പഠിച്ചുകഴിഞ്ഞിരുന്നു. വാസ്തവത്തിൽ, 1 കൊരി. 9:19–23 പ്രകാരം, സുവിശേഷം അതുപോലെതന്നെ അവശേഷിച്ചുവെങ്കിലും, അവൻ എത്തിച്ചേരാൻ ആഗ്രഹിച്ച ആളുകളനുസരിച്ച് പൗലൊസിന്റെ രീതികൾ വ്യത്യാസപ്പെട്ടിരുന്നു. സാന്ദർഭികാനുസരണം എന്ന് നാമിന്നു വിളിക്കുന്നതിന്റെ ഒരു പ്രഥമ പ്രവർത്തനകനായിരുന്നു പൗലൊസ്, അത് സംബോധന ചെയ്യപ്പെടുന്ന ആളുകളുടെ പൂർണ പശ്ചാത്തലവു

മായി സംസാരിക്കുന്നവിധം ആശയവിനിമയം നടത്തേണ്ട ആവശ്യകത. Timothy George, The New American Commentary : Galatioans (Nashville, Tenn Broadman and Holman Publishers, 1994), p.321

1 കൊരി. 9:21 ലുള്ള പൗലൊസിന്റെ തന്നെ പരാമർശം സൂചിപ്പിക്കുന്നത് സുവിശേഷം സാന്ദർഭികമാക്കുന്നതിൽ ഒരാൾക്ക് പരിധികളുണ്ടെന്ന് അവൻ വിശ്വസിച്ചിരുന്നുവെന്നാണ്. ഉദാഹരണത്തിന്, അവൻ പറയുന്നത്, യെഹൂദയിലേക്കും ജാതികളിലേക്കും വ്യത്യസ്ത വഴികളിലൂടെ ഇറങ്ങിച്ചെല്ലുന്നതിനുള്ള സ്വാതന്ത്ര്യം ഒരുവനുണ്ടെങ്കിലും, ന്യായപ്രമാണമില്ലാത്ത ഒരു ജീവിതം നയിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇതിലുൾപ്പെടുന്നില്ല. കാരണം, ക്രിസ്ത്യാനികൾ "ക്രിസ്തുവിന്റെ ന്യായപ്രമാണത്തിൻ" കീഴിലാണ്.

സാന്ദർഭികാനുസരണം എപ്പോഴും എളുപ്പമാണെങ്കിലും, സുവിശേഷത്തിന്റെ ഹൃദയത്തെ സാംസ്കാരിക പുറന്തോടിൽനിന്ന് നമുക്ക് വേർപെടുത്താൻ കഴിയുന്നിടത്തോളം, അതിന്റെ ഉള്ളടക്കവുമായി സന്ധിചെയ്യാതെ ക്രിസ്തുവിന്റെ ദൂത് സാന്ദർഭികാനുസരണമാക്കുന്നതിന്, നാമും പൗലൊസിനെ അനുകരിക്കുന്നവരാകണം. Timothy George, Galatioans PP 321,322

**അനുരഞ്ജനത്തിലാക്കുന്നത് എളുപ്പമാണ്, അല്ലേ? ചിലപ്പോൾ എത്രനാൾ ഒരുവൻ ക്രിസ്ത്യാനിയായിരിക്കുന്നുവോ, അനുരഞ്ജനവും എളുപ്പമാകുന്നു. അത് എന്തുകൊണ്ടാണ് അങ്ങനെ? സത്യസന്ധമായി നിങ്ങളെത്തന്നെ നോക്കുക. നിങ്ങളുടെ ജീവിതത്തിൽ എത്രമാത്രം അനുരഞ്ജനം കയറിപ്പറ്റിയിട്ടുണ്ട്, നിങ്ങൾ അതിനെ ന്യായീകരിച്ച വിധങ്ങൾ ഏതൊക്കെയാണ്? അത് മാറ്റേണ്ട മേഖലകളിൽ നിങ്ങൾക്ക് അതിനെ എങ്ങനെ മാറ്റിമറിക്കാം?**

**ബുധൻ** **ആഗസ്റ്റ് 23**

**അപ്പോഴും ഇപ്പോഴും**

ഗലാത്യ വിശ്വാസികളുമായുള്ള പൗലൊസിന്റെ ബന്ധം ഇപ്പോഴുള്ളതുപോലെ മരവിച്ചതും പ്രയാസകരവുമായിരുന്നില്ല. വാസ്തവത്തിൽ, അവൻ ആദ്യമായി ഗലാത്യയിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ അവർ അവനോട് എത്ര ഹൃദ്യമായി പെരുമാറിയെന്ന് അവൻ ഓർക്കുന്നു. എന്നാൽ എന്ത് സംഭവിച്ചു?

**ഗലാത്യയിൽ സുവിശേഷം പ്രസംഗിക്കാനുള്ള തീരുമാനത്തിന് കാരണമായത് എന്ത് സംഭവമാണെന്ന് തോന്നുന്നു? ഗലാത്യർ 4:13.**

സ്പഷ്ടമായും ഗലാത്യയിൽ സുവിശേഷം പ്രസംഗിക്കുക എന്നത് പൗലൊസിന്റെ പ്രഥമ ഉദ്യേശ്യമായിരുന്നില്ല. എന്തായാലും അവന്റെ യാത്രയിൽ അവനെ എന്തോ രോഗം പിടികൂടി, ഒന്നുകിൽ പ്രതീക്ഷിച്ചതിലും കൂടുതൽ നാൾ ഗലാത്യയിൽ തങ്ങുവാൻ അവൻ നിർബന്ധിതനായി അല്ലെങ്കിൽ സൗഖ്യത്തിനായി ഗലാത്യയിലേക്ക് യാത്ര ചെയ്യാൻ. പൗലൊസിന്റെ വ്യാധിയെ ചുറ്റിപ്പറ്റി നിഗൂഢതയുണ്ട്. ചിലർ നിർദ്ദേശിക്കുന്നത് അവന് മലേറിയ പിടിച്ചുവെന്നാണ് മറ്റുള്ളവർ (ഗലാത്യർ അവരുടെ കണ്ണുകൾ ചൂഴ്ന്ന് അവനുകൊടുക്കുവാൻ സന്നദ്ധത കാണിച്ചു എന്ന അവന്റെ

പരാമർശത്തിലൂടെ) പറയുന്നത് അതൊരു കണ്ണുദീനമായിരിക്കാമെന്നാണ്. 2 കൊരി .12:7-9 ൽ അവൻ എടുത്തുപറയുന്ന "ജഡത്തിൽ ഒരു ശൂല"വുമായും അവന്റെ രോഗം ബന്ധപ്പെട്ടിരിക്കാം.

പൗലൊസ് എന്തിൽ നിന്നുതന്നെ കഷ്ടപ്പെടുകയായിരുന്നെങ്കിലും, അത് അത്ര അസുഖകരമായതുകൊണ്ട് ഗലാത്യർക്ക് ഒരു കഷ്ടപ്പാടായി എന്ന് അവൻ പറയുന്നുണ്ട്. രോഗം മിക്കപ്പോഴും ഒരു ദിവ്യമായ അസന്തുഷ്ടിയുടെ ലക്ഷണമായി കണ്ട ഒരു ലോകത്തിൽ (യോഹ. 9:1,2; ലൂക്കോ. 13:1-4), അവനെയും അവന്റെ ദൂതിനെയും തള്ളികളയുവാനുള്ള ഒരു ഒഴികഴിവ് എളുപ്പത്തിൽ ഗലാത്യർക്ക് നൽകിയിരിക്കാം. എന്നാൽ അവർ പൂർണ്ണഹൃദയത്തോടെ അവനെ സ്വീകരിച്ചു. എന്തുകൊണ്ട്? കാരണം അവരുടെ ഹൃദയങ്ങൾ ക്രൂശിന്റെ പ്രസംഗത്താലും പരിശുദ്ധാത്മാവിന്റെ ദൃഢവിശ്വാസത്താലും ഊഷ്മളമായ (ഗലാ.3:1) അവരുടെ മനോഭാവത്തിലെ മാറ്റത്തിന് ഇപ്പോൾ അവർക്ക് എന്ത് കാരണം നൽകാനാകും?

**പൗലൊസിനെ കഷ്ടപ്പെടുവാൻ അനുവദിക്കുന്നതിൽ ദൈവത്തിന്റെ കാരണങ്ങൾ എന്തായിരുന്നിരിക്കാം? അവൻ അവന്റേതായ പ്രശ്നങ്ങളാൽ വലഞ്ഞപ്പോഴും മറ്റുള്ളവരെ ശുശ്രൂഷിക്കാൻ പൗലൊസിന് എങ്ങനെ സാദ്ധ്യമായി? റോമ. 8:28; 2 കൊരി. 4:7-12; 12:7-10.**

പൗലൊസിന്റെ അസുഖം എന്തുതന്നെ ആയിരുന്നാലും, അത് ഗൗരവമേറിയതായിരുന്നു, അത് അവന്റെ പ്രശ്നങ്ങൾക്ക് ദൈവത്തെ പഴിക്കുന്നതിനോ അല്ലെങ്കിൽ സുവിശേഷം പ്രസംഗിക്കുന്നത് ഉപേക്ഷിക്കുന്നതിനോ എളുപ്പത്തിൽ ഒരു ഒഴികഴിവ് നൽകാമായിരുന്നു. പൗലൊസ് ഇത് രണ്ടും ചെയ്തില്ല. അവന്റെ സാഹചര്യങ്ങൾ അവനെ കീഴ്പെടുത്തുന്നതിനു പകരം, പൗലൊസ് അതിനെ ദൈവത്തിന്റെ കൃപയിൽ പൂർണ്ണമായി ആശ്രയിക്കുന്നതിനുള്ള ഒരവസരമായി ഉപയോഗിച്ചു. ജീവിതപ്രതികൂലങ്ങളായ രോഗം, പീഡനം, ദാരിദ്ര്യം ചിലപ്പോൾ പ്രകൃതിദുരന്തങ്ങളും മറ്റ് വിശദീകരിക്കാനാകാത്ത ദുരന്തങ്ങളും ദൈവത്തിന്റെ കൃപയും കരുണയും വെളിവാക്കുന്നതിനുള്ള സന്ദർഭങ്ങളായും സുവിശേഷം മുൻപോട്ട് കൊണ്ടുപോകുന്നതിനുള്ള മാദ്ധ്യമങ്ങളായും ഉപയോഗിച്ചിട്ടുണ്ട്. Timothy George, Galatians pp. 323,324.

**നിങ്ങളുടെ കഷ്ടപ്പാടുകളും പരിശോധനകളും ദൈവത്തിൽ കൂടുതൽ ആശ്രയിക്കുവാൻ നിങ്ങളെ എങ്ങനെ പഠിപ്പിക്കുവാൻ കഴിയും? (മറ്റ് എന്ത് മാർഗ്ഗമാണ് നിങ്ങൾക്കുള്ളത്?).**

**വ്യാഴം** **ആഗസ്റ്റ് 24**

**സത്യം സംസാരിക്കുന്നു.**

**ഗലാത്യർ 4:16 വായിക്കുക. എന്ത് ശക്തമായ കാര്യമാണ് പൗലൊസ് അവിടെ ഉന്നയിക്കുന്നത്? ഏതെല്ലാം രീതികളിലാണ് സമാനമായ അനുഭവങ്ങൾ, നിങ്ങൾ സ്വയം അനുഭവിച്ചിട്ടുണ്ടാവുക? (യോഹ. 3:19; മത്താ. 26:64,65; യിരെ. 36:17-23 എന്നിവ കാണുക).**

“സത്യം സംസാരിക്കുക”എന്ന പ്രയോഗത്തിന് മിക്കപ്പോഴും ഒരു നിഷേധാത്മക ഗൂഢാർത്ഥമുണ്ടാകാം, പ്രത്യേകിച്ച് നമ്മുടെ ഈ കാലങ്ങളിൽ, ശക്തമായി തിരിച്ചടിക്കുക, യാതൊരു വിട്ടുവീഴ്ചയുമില്ലാതെ, ഒരു ശത്രുവിനെപോലും വെറുതെ വിടരുത് എന്നീ തന്ത്രങ്ങളുപയോഗിച്ച് ആരോടെങ്കിലും വസ്തുതകൾ പറയുമ്പോൾ, അവ എത്ര അനാവശ്യമോ അസുഖകരമോ ആയാലും.

ഗലാത്യർ 4:2-20 ലും മറ്റിടങ്ങളിലുമുള്ള (ഗലാ. 6:9,10 കാണുക). പൗലൊസിന്റെ താല്പര്യം സ്നേഹത്തിന്റെ പ്രകടനത്തെക്കാൾ അധികമാണെന്ന് ആർക്കെങ്കിലും തെറ്റായ നിഗമനത്തിലെത്താം. എന്നിരുന്നാലും നാം കണ്ടതുപോലെ, ഗലാത്യർ “സുവിശേഷത്തിന്റെ സത്യം” അറിയണമെന്ന കരുതൽ പൗലൊസിന് ഉണ്ടായിരുന്നുവെങ്കിലും (ഗലാത്യർ 2:5,14), ആ കരുതൽ ഉണ്ടായത് അവരോടുള്ള സ്നേഹം മൂലമാണ്. ആരെയെങ്കിലും ശിക്ഷിക്കാനോ അല്ലെങ്കിൽ കേൾക്കാനാഗ്രഹിക്കാത്ത സത്യങ്ങൾ അവരോട് പറയേണ്ടിവരികയും ചെയ്യുകയെന്നത് എത്ര വേദനാജനകമാണെ? നാം അത് ചെയ്യുന്നത് നമുക്ക് ആ വ്യക്തിയോട് കരുതലുള്ളതുകൊണ്ടാണ് അല്ലാതെ അവരെ വിഷമിപ്പി ക്കാനല്ല. എന്നാൽ ചില സമയങ്ങളിൽ നമ്മുടെ വാക്കുകളുടെ ഫലം മുറിപ്പെടുത്തുകയോ അല്ലെങ്കിൽ നമുക്ക് നേരെ വെറുപ്പോ ദേഷ്യമോ ആകാം. എന്തായാലും നാമത് ചെയ്യും. കാരണം, അതാണ് ആ വ്യക്തി കേൾക്കേണ്ടതെന്ന് നമുക്കറിയാം, അവനോ അവൾക്കോ അതു കേൾക്കാൻ തീരെ താല്പര്യമില്ലെങ്കിലും.

**അവൻ എതിർക്കുന്നവരെക്കുറിച്ച് എന്താണ് പൗലൊസ് ഗലാ. 4:17-20 ൽ പറയുന്നത്? അവരുടെ ദൈവശാസ്ത്രം കൂടാതെ മറ്റെന്താണ് അവൻ വെല്ലുവിളിക്കുന്നത്?**

പൗലൊസിന്റെ സുവിശേഷത്തോടുള്ള ആത്മാർത്ഥത കാരണം ഗലാത്യരുടെ ദേഷ്യത്തിനു പാത്രമായെങ്കിലും അതിനു വിരുദ്ധമായി, അവന്റെ എതിരാളികൾ ഗലാത്യരുടെ പ്രീതിപിടിച്ചുപറ്റാൻ ശ്രമിക്കുകയായിരുന്നു. ഗലാത്യരോടുള്ള സ്നേഹം കൊണ്ടല്ല പിന്നെയോ അവരുടെ സ്വാർത്ഥലക്ഷ്യങ്ങൾ കാരണം അവന്റെ എതിരാളികൾ അവരെ “പുറത്തിട്ട് അടച്ചുകളയുവാൻ” എന്ന് പൗലൊസ് പറയുമ്പോൾ അവൻ എന്താണ് കൃത്യമായി അർത്ഥമാക്കുന്നതെന്ന് വ്യക്തമല്ല. ഒരുപക്ഷേ ഇത് സൂചിപ്പിക്കുന്നത് അവർ അഗ്രചർമ്മം ചെയ്യുന്നതുവരെ സുവിശേഷത്തിന്റെ പദവികളിൽനിന്നും അവരെ പുറത്തിട്ട് അടച്ചുകളയുമെന്നാകാം.

**നിങ്ങളുടെ വാക്കുകൾ എത്ര സത്യവും ആവശ്യവുമായിരുന്നെങ്കിലും, ആരെങ്കിലും നിങ്ങളോട് ദേഷ്യപ്പെടുവാൻ നിങ്ങളുടെ വാക്കുകൾ കാരണമായ എന്തെങ്കിലും സംഭവത്തെക്കുറിച്ച് ചിന്തിക്കുക. അതിന് സമമായ എന്തെങ്കിലും പിന്നീട് സംഭവിക്കുമ്പോൾ ഓർത്തിരിക്കാൻ തക്ക എന്താണ് നിങ്ങൾ ആ അനുഭവത്തിൽനിന്നും പഠിച്ചത്?**

**കൂടുതൽ ചിന്ത:**

ഗലാത്യ സഭകളിൽ തുറന്ന മറയില്ലാത്ത തെറ്റുകൾ സുവിശേഷത്തെ മറിച്ചിടുകയായിരുന്നു. വിശ്വാസത്തിന്റെ സത്യഅടിസ്ഥാനമായ ക്രിസ്തു, അക്ഷരാർത്ഥത്തിൽ കാലോചിതമല്ലാത്ത യെഹൂദാ ചടങ്ങുകൾക്കായി ഉപേക്ഷിക്കപ്പെടുകയായിരുന്നു.

ഗലാത്യയിലെ വിശ്വാസികൾ ഈ അപകടകരമായ സ്വാധീനത്തിൽനിന്ന് രക്ഷിക്കപ്പെടണമെങ്കിൽ നിർണ്ണായക നടപടികൾ എടുക്കേണ്ടതാണെന്നും, ശക്തമായ താക്കീത് നൽകേണ്ടതാണെന്നും അപ്പോസ്തലൻ മനസ്സിലാക്കി. ക്രിസ്തുവിന്റെ എല്ലാ ശുശ്രൂഷകനും പഠിച്ചിരിക്കേണ്ട ഒരു പ്രധാന പാഠം അവൻ നേടുവാൻ ആഗ്രഹിക്കുന്ന വ്യക്തിയുടെ അവസ്ഥയനുസരിച്ച് അവന്റെ പ്രയത്നം ക്രമീകരിക്കണമെന്നതാണ്. ആർദ്രതയും, സഹിഷ്ണുതയും, തീരുമാനവും, ഉറപ്പും ഒരുപോലെ ആവശ്യമാണ്. എന്നാൽ ഇവ ശരിയായ വകതിരിവോടെ പ്രാവർത്തികമാക്കേണ്ടതുണ്ട്. വ്യത്യസ്ത നിലയിലുള്ള മനസ്സുകളോട് ബുദ്ധിയോടെ ഇടപെടുക, വ്യത്യസ്ത സാഹചര്യങ്ങളിലും അവസ്ഥകളിലും, ഇത് പരിജ്ഞാനവും ദൈവത്തിന്റെ ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടതും അറിവുപകർന്നതുമായ വിലയിരുത്തൽ ആവശ്യമായ ഒരു വേലയാണ്. അവരുടെ ജീവിതങ്ങളിൽ ഒരിക്കൽ ദൈവത്തിന്റെ ശക്തി അറിഞ്ഞവരോട് പൗലൊസ് സുവിശേഷ സത്യത്തിന്റെ ആദ്യസ്നേഹത്തിലേക്ക് മടങ്ങിവരുവാൻ യാചിക്കുന്നു. ക്രിസ്തുവിൽ സ്വതന്ത്ര സ്ത്രീപുരുഷന്മാരാകുന്നതിനുള്ള പദവി അവൻ അവരുടെ മുൻപിൽ ഉത്തരം നൽകാനാവാത്ത വാദഗതികളാൽ വെക്കുന്നു. അവന്റെ രക്ഷാകരമായ കൃപയിലൂടെ പൂർണ്ണ സമർപ്പണം നടത്തുന്ന ഏവരും അവന്റെ നീതിയുടെ അങ്കിയാൽ ധരിക്കപ്പെടും. രക്ഷപ്പെടുന്ന ഓരോ ആത്മാവിനും ദൈവകാര്യങ്ങളിൽ ഒരു യഥാർത്ഥവും വ്യക്തിപരവുമായ ഒരനുഭവമുണ്ടാകണം എന്ന നിലപാട് അവനെടുത്തു.

അപ്പൊസ്തലന്റെ ദൃഢമായ ആത്മാർത്ഥതയുടെ വാക്കുകൾ നിഷ്ഫലമായില്ല. പരിശുദ്ധാത്മാവ് അതിശക്തമായി ഇടപെട്ടു. അപരിചിതമായ വഴികളിലേക്ക് തിരിഞ്ഞ അനേകരുടെ പാദങ്ങൾ, സുവിശേഷത്തിലെ അവരുടെ മുൻവിശ്വാസത്തിലേക്ക് തിരികെവന്നു. അപ്പോൾ മുതൽ ക്രിസ്തു അവരെ സ്വതന്ത്രമാക്കിയ സ്വാതന്ത്ര്യത്തിൽ അവർ ഉറച്ചുനിന്നു. EGW, The Acts of Apostles, pp. 385, 386,388

**ചർച്ചാ ചോദ്യങ്ങൾ:**

(1) കഷ്ടതയെയും ദൈവത്തിന് അതെങ്ങനെ ഉപയോഗിക്കണം എന്നതിനെയും സംബന്ധിച്ച സമ്പൂർണ ചോദ്യത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുക. കഷ്ടതയിൽ നിന്ന് യാതൊരു നന്മയും ഉരുത്തിരിയുന്നില്ലയെന്ന് തോന്നുന്ന സന്ദർഭങ്ങളെ നാമെങ്ങനെ കൈകാര്യം ചെയ്യുന്നു?

(2) നമ്മിൽ ക്രിസ്തു ഉരുവാകുന്നു എന്ന ആശയത്തെക്കുറിച്ച് ധ്യാനിക്കുക. പ്രായോഗിക തലത്തിൽ ഇതെന്ന് അർത്ഥമാക്കുന്നു? ഇത് നമുക്ക് സംഭവിക്കുന്നുവെന്ന് നമുക്കെങ്ങനെ അറിയാൻ കഴിയും? അത് സംഭവിക്കണമെന്ന് നാം കരുതുന്ന അത്രയും വേഗത്തിൽ അത് സംഭവിക്കുന്നില്ല എങ്കിൽ നാമെങ്ങനെ നിരാശരാകാതിരിക്കും?

**സംഗ്രഹം:** നിരവധി വിശദവും ദൈവശാസ്ത്രപരമായി ഉന്നതവുമായ വാദഗതികൾ ഉന്നയിച്ചശേഷം, ഇപ്പോൾ പൗലൊസ് കൂടുതൽ വ്യക്തിപരവും വികാരഭരവുമായ ആഹ്വാനം ഗലാത്യരോട് ചെയ്യുന്നു. അവരുടെ ആത്മീയ രക്ഷാകർത്താവെന്ന നിലയിൽ അവന് അവരോടുള്ള കരുതലിനെയും യഥാർത്ഥ സ്നേഹത്തെയും അവർ ഒരിക്കൽ പങ്കുവെച്ചിരുന്ന പ്രസാദാത്മകമായ ബന്ധത്തെയും ഓർമിപ്പിച്ചുകൊണ്ട് അവന്റെ ഉപദേശത്തിന് ചെവികൊടുക്കാൻ അവൻ അവരോട് യാചിക്കുന്നു.